LIBRARY ARCHIVES Kerala Legislative Assembly

മാരകരോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രോഗത്തിന്റെ തീവ്രത അനുസരിച്ച് അർഹമായ ധനസഹായം അനുവദിച്ച് നൽകിവരുന്നു. അരിവാൾ രോഗികൾക്ക് മാസം തോറും 1000-രൂപ നിരക്കിൽ സമാശ്വാസ ധനസഹായവും നൽകിവരുന്നു. കൂടാതെ 17 ജി.എ.ഡി.കളും ഒരു ആയുർവ്വേദ ആശുപത്രിയും 5 ഒ.പി. ക്ലിനിക്കുകളും 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പി.വി.റ്റി.ജി. മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മേൽപ്പറഞ്ഞവയിൽ ചികിത്സതേടുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ മുഴുവനും പരിപൂർണ്ണമായും സൗജന്യമാണ്.

(ബി) സ്വന്തമായി ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 'സമ്പൂർണ്ണ ഭവന പദ്ധതി' എന്ന സ്കീമിൽ വീടുകൾ നിർമ്മിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നുണ്ട്.

(സി) കോർപ്പസ് ഫണ്ട്/പൂൾഡ് ഫണ്ട്/ഭവന നിർമ്മാണം/ഭക്ഷ്യ സഹായ പദ്ധതി/കൈതാങ്ങ്/ജനനി ജന്മരക്ഷ/ഹാംലറ്റ് വികസന പദ്ധതി/13-ാം ധനകാര്യ കമ്മീഷൻ അവാർഡ്/പെൺകുട്ടികളുടെ വിവാഹ ധനസഹായം/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഊരുകൂട്ടങ്ങൾ/ഇടമലക്കുടി പാക്കേജ്/ വീടുകളുടെ അറ്റകുറ്റപ്പണി/ തൊഴിൽ പരിശീലനം/ഐ.ഇ.സി/.ഗോത്ര സാരഥി, അതിക്രമം തടയൽ നിയമം നടപ്പാക്കൽ, വനത്തിനുള്ളിൽ താമസിക്കുന്നവരുടെ വികസനം തുടങ്ങിയ വിവിധ പദ്ധതികൾ ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്നു.

അട്ടപ്പാടി സ്പെഷ്യൽ ഓഫീസർ

346 (686) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഗവൺമെന്റ് പദ്ധതികളുടെ ഏകോപനത്തിനായി നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ ചുമതലകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഒരു സ്ഥിരം സംവിധാനമാണോ ; അല്ലെങ്കിൽ അപ്രകാരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ മേഖയിലെ ആദിവാസികളുടെ ക്ഷേമത്തിനായി തൊഴിലുറപ്പു പദ്ധതികളുടെ മാതൃകയിൽ പ്രത്യേകപദ്ധതി തയ്യാറാക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 21-5-2013-ലെ സ.ഉ.679/2013/പജപവവിവ പ്രകാരം റിട്ട. ഐ.എ.എസ്സ്. ഉദ്യോഗസ്ഥൻ ഡോ. എസ്.സുബ്ബയ്യയ്ക്ക് അട്ടപ്പാടിയിലെ പദ്ധതി ഏകോപന ചുമതല നൽകിയിരുന്നു. തുടർന്ന് ഒറ്റപ്പാലം സബ്കളക്ടറെ ഇപ്പോൾ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും യഥാസമയങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ അവലോകനവും നടത്തുക എന്നതാണ് പ്രധാന കർത്തവ്യം.

(ബി) നിലവിൽ ഇത് ഒരു സ്ഥിരം സംവിധാനമായാണ് പ്രവർത്തിക്കുന്നത്.

(സി) തൊഴിലുറപ്പുപദ്ധതി അട്ടപ്പാടി മേഖലയിൽ വിജയകരമായി നടപ്പാക്കി വരുന്നതിനാൽ പ്രത്യേക പദ്ധതി പരിഗണനയിലില്ല.

ആദിവാസികൾ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരം

347 (687) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിനും ആവശ്യങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമരസമിതിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ പരിഗണിച്ച് സമരം അവസാനിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസി ഗോത്രമഹാസഭ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരത്തിൽ പ്രധാനമായും താഴെപ്പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly